(ഇ) ഈ ഉത്തരവ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തെ ബാധിക്കുകയില്ല.

ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ

8 (3510) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് അദ്ധ്യക്ഷൻമാർ, വകുപ്പ് സെക്രട്ടറിമാർ മുതലായ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരെയൊക്കെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്; ആരെയെല്ലാം തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ ഉദ്യോഗസ്ഥർക്ക് ഓരോരുത്തർക്കുമെതിരെയുള്ള കേസുകളുടെ തൽസ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരായ ശ്രീ. ടി.ഒ. സൂരജ് ഐ.എ.എസ്., ഡോ. ബി. അശോക് ഐ.എ.എസ്. എന്നിവർക്കെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സൂരജ് ഐ.എ.എസ്.-നെ 22-11-2014 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാനെ ഇതുവരെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടില്ല. ശ്രീ. സൂരജിനെതിരെയുള്ള വിജിലൻസ് കേസുകളുടെ അന്വേഷണം നടന്നുവരുന്നു.

സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥരായ മറ്റ് വകുപ്പുതലവന്മാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

തിരുമല ശ്രീ ബാബു അലക്സ് നൽകിയ നിവേദനം

9 (3511) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു.കേരള മുഖ്യമന്ത്രിക്ക് തിരുമല ശ്രീ ബാബു അലക്സ് 17-11-2015 ആയി നൽകിയ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പു തലവനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly